# പെണ്ണത്തത്തിന്റെ ആൺകാഴ്ചകൾ

## നളിനി ജമീലയുടെ ആത്മകഥാപരമായ രചനകളെ മുൻനിർത്തിയുള്ള പഠനം

**രഞ്ജിത് വി.**

**സംഗ്രഹം**

മലയാളിക്ക് അപരിചിതമായിരുന്ന ലൈംഗിക തൊഴിലാളിയുടെ ജീവിതത്തെ പ്രശ്നവൽക്കരിക്കുന്ന കൃതികളാണ് നളിനി ജമീലയുടെ ആത്മകഥകൾ. ലൈംഗിക തൊഴിലാളിയുമായി നിരന്തരമായി ഇടപഴകുന്ന മലയാളി പുരുഷന്റെ വൈവിധ്യമാർന്ന കാഴ്ചകൾ ഈ ആത്മകഥകളിൽ കണ്ടെത്താൻ സാധിക്കും. പ്രസ്തുത കൃതികളിൽ കടന്നുവരുന്ന പിതൃഅധികാര വ്യവസ്ഥിതിയുടെ ചട്ടക്കൂടിൽ നിന്നും വിഭിന്നമായുള്ള പുരുഷ മാതൃകകളെയും പിതൃഅധികാരത്തെ ഊട്ടിയുറപ്പിക്കുന്ന ആൺകാഴ്ചകളെയും അടയാളപ്പെടുത്താനാണ് ഈ പ്രബന്ധം ശ്രമിക്കുന്നത്.

**താക്കോൽ വാക്കുകൾ :** ആണത്തം, പെണ്ണത്തം, ലിംഗപദവി

മനുഷ്യന്റെ സാമൂഹിക-സാംസ്കാരിക ജീവിതത്തിലെ സമസ്ത മേഖലകളെയും ലിംഗവിഭജനത്തിന്റെ അടിസ്ഥാനത്തിൽ വേർതിരിക്കുന്ന ലിംഗപദവി ബോധം സജീവമായി നിലനിൽക്കുന്ന കേരളീയ പൊതുമണ്ഡലത്തിൽ ആണത്തത്തെയും പെണ്ണത്തത്തെയും സംബന്ധിച്ച് നിരവധിയായ മാമൂൽ ധാരണകളും രൂഢമൂലമായ വിശ്വാസപ്രമാണങ്ങളും

നിലനിൽക്കുന്നുണ്ട്. സ്ത്രീപുരുഷന്മാർ എപ്രകാരമാണ് സാമൂഹിക-കുടുംബ ജീവിതത്തിൽ ഇടപെടേണ്ടത് എന്നതിനെ സംബന്ധിച്ച് കൃത്യമായ ലിംഗധർമ്മങ്ങൾ(Sex Roles) പിതൃഅധികാര വ്യവസ്ഥ രൂപപ്പെടുത്തിയതായി കാണാം. യുക്തി, അധികാരം, ആധിപത്യം, ധൈര്യം എന്നിവ പുരുഷന്റെയും വികാരം, വിനയം, ഭയം, ഒതുക്കം തുടങ്ങിയവ സ്ത്രീയുടെയും സ്വഭാവ ഗുണങ്ങളായാണ് കരുതപ്പെട്ടു പോരുന്നത്. "പുരുഷൻ എന്ന പദം സജീവാവസ്ഥ, ഉൽപാദനക്ഷമത, ബോധം, ധാർമികത എന്നിവയെയും സ്ത്രീ എന്ന പദം നിർജീവാവസ്ഥ, വന്ധ്യത, അബോധം, അധാർമികത എന്നിവയെയും പ്രതിനിധാനം ചെയ്യുന്നുവെന്ന (രാജശ്രീ, 2018, 19)ഓട്ടോവിനിഗറിന്റെ അഭിപ്രായം തന്നെയാണ് കേരളീയ പൊതുബോധത്തെയും കാലങ്ങളായി നയിക്കുന്നത്. ആണത്തത്തെയും പെണ്ണത്തത്തെയും നിർണയിക്കുന്നത് സാമൂഹികവും സാംസ്കാരികവുമായ സാഹചര്യങ്ങളാണ്. ലിംഗപദവികൾ അയഥാർത്ഥമാണെന്നും ശരീരങ്ങളുടെ മേൽ പ്രയോഗിതമാകുന്ന കൊത്തുപണികളിലൂടെ ഉല്പാദിപ്പിക്കപ്പെടുന്ന രണ്ടുതരം ആത്മബോധങ്ങൾ മാത്രമാണ് ആൺ-പെൺ ലിംഗപദവികൾ എന്ന് ജൂഡിത് ബട്ലർ അഭിപ്രായപ്പെടുന്നുണ്ട്. കെയ്റ്റ് മില്ലറ്റിന്റെ അഭിപ്രായത്തിൽ ലിംഗപദവി ജീവശാസ്ത്രപരമായ ഭേദത്തിൽ നിന്ന് വ്യത്യസ്തമായ ഒരു സാംസ്കാരിക നിർമ്മിതിയാണ്. പിതൃഅധികാര വ്യവസ്ഥയുടെ സാമൂഹികവും സാംസ്കാരികവുമായ അനുശാസനകൾക്കകത്ത് പൂർണ്ണമായി ഒതുങ്ങി നിൽക്കാൻ ഒരു വ്യക്തിക്ക് എല്ലായ്പ്പോഴും സാധിക്കണമെന്നില്ല. ആണിനെയും പെണ്ണിനെയും സംബന്ധിച്ച് സമൂഹം രൂപപ്പെടുത്തിയിട്ടുള്ള ലിംഗധർമ്മങ്ങളിൽ നിന്ന് വ്യക്തികൾ വ്യതിചലിക്കുന്ന നിരവധിയായ സാഹചര്യങ്ങളുണ്ട്. ആണത്തത്തെ സംബന്ധിക്കുന്ന മാമൂൽ ധാരണകളെയും പൊതുബോധത്തെയും അപനിർമ്മിക്കുന്ന പെൺ കാഴ്ചകളെ / അനുഭവങ്ങളെ നളിനി ജമീലയുടെ ആത്മകഥാപരമായ രചനകളിൽ കണ്ടെത്താൻ ശ്രമിക്കുകയാണ് ഈ പ്രബന്ധത്തിലൂടെ ചെയ്യുന്നത്. ഒരു ലൈംഗിക തൊഴിലാളിയുടെ ജീവിതത്തിലൂടെ കടന്നുപോയ പുരുഷന്മാരെ മുൻനിർത്തി പെണ്ണത്തത്തിന്റെ ആൺ കാഴ്ചകളെ ഈ പ്രബന്ധം വിശകലന വിധേയമാക്കുന്നു.

സാഹിത്യസമ്പത്തു കൊണ്ടും സാഹിത്യകൃതികളുടെ എണ്ണം കൊണ്ടും മലയാളത്തിൽ ഏറെ സമ്പന്നമായിട്ടുള്ള സാഹിത്യ പ്രസ്ഥാനമാണ് ആത്മകഥ. മലയാളത്തിലെ ആത്മകഥകളിൽ സ്ത്രീ കർതൃത്വസ്ഥാനത്ത് നിൽക്കുന്ന രചനകൾ അപൂർവ്വമാണ്. അധികാരവും സാമൂഹികപദവിയുമുള്ള പുരുഷന് മാത്രമാണ് ആത്മകഥ രചിക്കാനുള്ള അവകാശം എന്ന ധാരണ മറ്റിടങ്ങളിലെന്ന പോലെ കേരളത്തിലും നിലനിന്നിരുന്നു. 1990 ശേഷം രൂപപ്പെട്ട സാഹിത്യത്തിലെ ആധുനിക വ്യവഹാരങ്ങളുടെ ഫലമായിട്ടാണ് സ്ത്രീകൾ, പാർശ്വവൽകൃതർ, ലൈംഗികതൊഴിലാളികൾ, ദളിത് വിഭാഗങ്ങൾ, ലൈംഗിക ന്യൂനപക്ഷങ്ങൾ തുടങ്ങിയ വിഭാഗങ്ങളെ പ്രതിനിധാനം ചെയ്യുന്ന ആത്മകഥകൾ മലയാളത്തിലുണ്ടാകുന്നത്. മേൽ സൂചിപ്പിച്ച വിഭാഗങ്ങളെ സംബന്ധിച്ച പൊതുധാരണകളെ തിരുത്തി കുറിക്കാനും അവർ അനുഭവിക്കുന്ന സങ്കീർണവും ദുരിത പൂർണ്ണവുമായ ജീവിതത്തെ പൊതുജനമധ്യത്തിൽ അനാവരണം ചെയ്യാനും ഇത്തരം ആത്മകഥകൾക്ക് സാധിച്ചു. ലൈംഗിക തൊഴിലാളി എന്നാൽ സുഹൃത്തുക്കളോ ഉറ്റവരോ ഇല്ലാത്ത, തെരുവിൽ പ്രത്യക്ഷപ്പെട്ട് എങ്ങോട്ടോ അപ്രത്യക്ഷരാവുന്ന ഒറ്റപ്പെട്ട നികൃഷ്ടജീവികളാണെന്ന പൊതുധാരണകളെ പൊളിച്ചെഴുതുന്ന രാഷ്ട്രീയം മുന്നോട്ടുവയ്ക്കുന്ന രചനകളാണ് നളിനി ജമീലയുടെ എന്റെ ആണുങ്ങൾ, ഒരു ലൈംഗിക തൊഴിലാളിയുടെ പ്രണയം പുസ്തകം, ഒരു ലൈംഗിക തൊഴിലാളിയുടെ ആത്മകഥ തുടങ്ങിയ രചനകൾ. ഒരു ലൈംഗിക തൊഴിലാളിയുടെ ആത്മകഥയിൽ നിന്ന് വ്യത്യസ്തമായി ലൈംഗിക തൊഴിലിലെ അടുപ്പങ്ങളുടെ സൂക്ഷ്മ രാഷ്ട്രീയത്തെ അനാവരണം ചെയ്യാനാണ് നളിനി ജമീല ഈ കൃതികളിലൂടെ ശ്രമിക്കുന്നത്.

മലയാളി പുരുഷനിൽ ബഹുഭൂരിപക്ഷവും തന്റെ മാനസികവും ശാരീരികവും ലൈംഗികവുമായ ആവശ്യങ്ങളെ തൃപ്തിപ്പെടുത്താനുള്ള ഒരു ഉപകരണം മാത്രമായിട്ടാണ് പലപ്പോഴും സ്ത്രീകളെ പരിഗണിച്ചു പോരുന്നത്. " സ്ത്രീയെന്നത്( പുരുഷനെ ) മോഹിപ്പിക്കുന്ന ഒരു ഭോഗവസ്തുവെന്നതിലുപരി ഒന്നുമല്ല എന്നും പുരുഷന്റെ തൃഷ്ണകളെ കലാപരമായി ശമിപ്പിക്കലാണ് സ്ത്രീ ശരീരത്തിന്റെ ധർമ്മമെന്നും"(രാജശ്രീ, 2018, 115)പിതൃകേന്ദ്രീകൃത സമൂഹം സ്ത്രീയെ നിരന്തരമായി ഓർമിപ്പിച്ചു കൊണ്ടിരിക്കുന്നു. കുടുംബ വ്യവസ്ഥയ്ക്കകത്ത്

നിലനിൽക്കുന്ന സ്ത്രീകളെക്കാൾ നിരവധി വെല്ലുവിളികൾ ലൈംഗിക തൊഴിലാളികൾ നേരിടുന്നതായി കാണാം. പുരുഷന്റെ താല്പര്യങ്ങൾക്കും ലൈംഗിക തൃഷ്ണകൾക്കും ഉപയോഗിക്കാവുന്ന വെറും ശരീരം മാത്രമായിട്ടാണ് ലൈംഗിക തൊഴിലാളികൾ പലപ്പോഴും പരിഗണിക്കപ്പെടുന്നത്. "ഇക്കാലത്തിനിടയിൽ ഇടപെട്ട മലയാളി ആണുങ്ങളിൽ എഴുപത്തഞ്ചു ശതമാനവും സ്ത്രീകളോട് സമഭാവനയില്ലാത്തവരാണ്. . . . . തങ്ങൾക്കാവശ്യമുള്ളപ്പോഴും ഇതെല്ലാം സ്വന്തം ഔദാര്യമാണ് എന്ന് പുച്ഛഭാവമാണ് മലയാളി ആണുങ്ങൾക്ക്. ' വരുന്നോടീ', ' നിനക്കെത്രയാടി' എന്ന മനോഭാവം"(നളിനി ജമീല, 2018, 7). സ്ത്രീയെ ശരീരം മാത്രമായി നിലനിർത്തുന്ന, സ്ത്രീയുടെ ശരീരം പുരുഷന്റെ സ്വകാര്യ സ്വത്തായി പരിഗണിക്കപ്പെടുന്ന പിതൃ അധികാര സമൂഹത്തിന്റെ സ്ത്രീയോടുള്ള മനോഭാവമാണ് നളിനി ജമീലയുടെ വാക്കുകളിൽ കാണാൻ സാധിക്കുന്നത്. മലയാളി പുരുഷന്റെ ലൈംഗിക ധാരണകളെ നളിനി ജമീല വിമർശന വിധേയമാക്കുന്നുണ്ട്. കർണാടകത്തിൽ നിന്നും തമിഴ്നാട്ടിൽ നിന്നും ഭിന്നമായി ലൈംഗിക ദാരിദ്ര്യവും സദാചാര പോലീസിംഗും നിലനിൽക്കുന്ന നാടായിട്ടാണ് കേരളത്തെ അവർ അവതരിപ്പിക്കുന്നത്. നിറം, കന്യകാത്വം, ആദ്യരാത്രിയിലെ കരച്ചിൽ തുടങ്ങി ലൈംഗികതയെ കുറിച്ചുള്ള മലയാളി പുരുഷന്റെ കാഴ്ചപ്പാടുകളെ നളിനി ജമീല ചോദ്യം ചെയ്യുന്നു.

ഉറ്റവരും ഉടയവരും ഇല്ലാത്ത ആരോടും യാതൊരുവിധ മാനസികമായ അടുപ്പവും പുലർത്താത്ത വിഭാഗമായിട്ടാണ് ലൈംഗിക തൊഴിലാളികൾ പൊതുവേ പരിഗണിക്കപ്പെട്ടു പോരുന്നത്. പണത്തിനായും ജീവിത സാഹചര്യങ്ങൾ മൂലം നിലനിൽപ്പിനായും സ്വന്തം ശരീരം കച്ചവടവൽക്കരിക്കേണ്ടി വരുന്ന ഇത്തരക്കാരുടെ വ്യക്തിജീവിതം മുഖ്യധാരാ സമൂഹത്തിന് അപരിചിതമാണ്. ശാരീരികമായ അടുപ്പത്തേക്കാൾ ഉപരി മാനസികമായ അടുപ്പം വെച്ച് പുലർത്തുന്നവരും ലൈംഗിക തൊഴിലാളിയെ പ്രണയിക്കുന്ന പുരുഷ മാതൃകകളെയും നളിനി ജമീലയുടെ അനുഭവങ്ങളിൽ നമുക്ക് കണ്ടെത്താൻ സാധിക്കും. തന്റെ ആദ്യ പ്രണയത്തെ പറ്റി എന്റെ ആണുങ്ങൾ എന്ന പുസ്തകത്തിൽ നളിനി വാചാലയാകുന്നുണ്ട്. വീട്ടിലെ ദാരിദ്ര്യവും സാമ്പത്തിക പരാധീനതകളും കൊണ്ട് മൺമടയിലെ ജോലിയിൽ

എത്തപ്പെടുന്ന നളിനി റൗഡിയായ ജോണിയുമായി പ്രണയത്തിലാകുന്നു. വൈകുന്നേരങ്ങളിലെ ജോണിയുടെയും നളിനിയുടെയും സമാഗമവും വയൽ വരമ്പത്തെ ചുംബനവും റൗഡിയായ ജോണിയുടെ ആകാരത്തിനും അയാൾ നിർവഹിച്ചുപോകുന്ന തൊഴിലിനും ഒട്ടും യോജിക്കുന്നതല്ല. സമൂഹം തന്നിൽ അനുശാസിച്ചിട്ടുള്ള ആണത്തത്തിന്റെ മാതൃകകൾ യാതൊന്നുമില്ലാതെ നളിനിക്ക് മുന്നിൽ പെരുമാറുകയാണ് ജോണി ചെയ്യുന്നത്. പണം കൊടുത്താൽ ലൈംഗിക തൊഴിലാളിയെ എന്തും ചെയ്യാമെന്ന ധാരണ വെച്ച് പുലർത്തുന്ന നിരവധിയായ ആണുങ്ങൾ നളിനിയുടെ ജീവിതത്തിലൂടെ കടന്നു പോയിട്ടുണ്ട്. എന്നാൽ അതിൽ നിന്നും തീർത്തും വിഭിന്നമായ ചില വ്യക്തികളെയും നളിനി തന്റെ ആത്മകഥാപരമായ കുറിപ്പുകളിൽ അവതരിപ്പിക്കുന്നുണ്ട്. അവരിൽ ഒരാളാണ് തട്ടാൻ ദിവാകരൻ. " പൈസ മുടക്കിയാൽ പിന്നെ പെണ്ണിന്റെയാണ് എന്ന ഭാവമാണ് സാധാരണ ആണുങ്ങൾക്ക്. ഇതു പക്ഷേ മനസ്സിലേക്ക് കടന്നുവന്ന ബന്ധമാണ്"( നളിനി ജമീല, 2018, 22) എന്ന് തട്ടാൻ ദിവാകരനുമായുള്ള ബന്ധത്തെ നളിനി ജമീല ഓർത്തെടുക്കുന്നു.

ലൈംഗികതക്കപ്പുറമുള്ള നിരവധിയായ വ്യക്തി ബന്ധങ്ങൾ നളിനിയുടെ ജീവിതത്തിലുടനീളം ഉണ്ടായിട്ടുണ്ട്. ശരീരത്തോടുള്ള കാമാസക്തിയേക്കാളുപരി വൈകാരികമായ പ്രണയം പങ്കുവെച്ച നിരവധിയായ പുരുഷന്മാരെ നളിനി ജമീലയുടെ ആത്മകഥാപരമായ രചനകളിൽ കാണാം. വ്യക്തിജീവിതത്തിലും സമൂഹ ജീവിതത്തിലും നേരിടുന്ന പ്രശ്നങ്ങളിൽ നിന്ന് അഭയം തേടാനായി ലൈംഗിക തൊഴിലാളിയെ തേടിയെത്തുന്ന പുരുഷന്മാരും ഈ കൂട്ടത്തിലുണ്ട്. മസാല ദോശയുമായി നളിനിയെ തേടിയെത്തുന്ന ബാബുവും പരസ്യമായി സിനിമയ്ക്ക് കൊണ്ടുപോകുന്ന സുനിലും ആണത്ത പൊതുബോധത്തെ അപനിർമ്മിക്കുന്നതായി കാണാം. സുനിലിന് നളിനിയോടും നളിനിക്ക് തിരിച്ചും ഉണ്ടായിരുന്ന അനുരാഗത്തെ യാതൊരു മറയുമില്ലാതെ നളിനി അവതരിപ്പിക്കുന്നുണ്ട്. " പ്രണയമെന്നു പറഞ്ഞാൽ, ഒരു ഭയങ്കര ഇഷ്ടമായിരുന്നു. മറ്റു ക്ലയന്റുകൾ പൈസ തരുമ്പോഴോ എങ്ങോട്ടെങ്കിലും വിളിക്കുമ്പോഴോ ഉള്ളതിൽ നിന്നും വ്യത്യസ്തമായി സുനിലിനെ കാണുന്ന കാര്യം ഓർക്കുമ്പോൾ ഉള്ളിന്റെയുള്ളിൽ എന്തോ പറയാൻ പറ്റാത്ത ആശ്വാസമാണ്. സുനിൽ

ആണെന്ന് പറഞ്ഞാൽ അന്നത്തെ ദിവസം ഫ്രീയായതുമാതിരിയാണ്( നളിനി ജമീല, 2018, 70). അധീശ ആണത്ത നിർമ്മിതിയെക്കുറിച്ചുള്ള ധാരണയിൽ നിന്ന് വ്യതിചലിക്കുന്ന ആൺ മാതൃകയാണ് സുനിലിൽ കാണാൻ സാധിക്കുന്നത്. തന്റെ ലൈംഗിക തൊഴിൽ ജീവിതത്തിലൂടെ കടന്നുപോയ നിരവധിയായ പുരുഷ കഥാപാത്രങ്ങൾ ഒരു ലൈംഗിക തൊഴിലാളിയുടെ പ്രണയ പുസ്തകം എന്ന രചനയിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. " എന്റെ കൂടെയുണ്ടായിട്ടും സെക്സ് അല്ല പ്രണയം എന്ന് തെളിയിച്ച ഒരാളാണ് മാനിക്ക. ദിവസവും കൂടെ കിടന്നില്ലെങ്കിൽ ഉറക്കം വരില്ല എന്ന് പറയുന്നവനാണ് സിദ്ദിഖ്. നളിനി തരുന്ന ഇരുപതോ മുപ്പതോ മതി എന്ന് വിചാരിക്കുന്ന ഒരാളാണ് കുഞ്ഞപ്പ. ഇതൊക്കെ ആസ്വദിച്ചിട്ട് ഭാര്യയുടെ അടുത്ത് പോയി ചെയ്യാൻ കഴിയുന്നതാണ് എന്ന് തിരിച്ചറിഞ്ഞവനാണ് കുഞ്ഞപ്പ "(നളിനി ജമീല, 2020, 69). ഇങ്ങനെ നീളുന്ന പ്രണയ പുസ്തകത്തിലെ ആൺകാഴ്ചകൾ. തന്റെ ജീവിതത്തിലും മനസ്സിലും താൻ പോലും അറിയാതെ അടയാളപ്പെടുത്തിയ ഡോക്ടർ ജോസ് എന്ന കാമുകനെ നളിനി ഓർത്തെടുക്കുന്നുണ്ട്. "എന്നെ ഒരിക്കലും ഒരു ഭോഗവസ്തുവായി ജോസേട്ടൻ കണ്ടിട്ടില്ല. അതുകൊണ്ട് ഇന്നും അയാളെ കുറിച്ച് ഓർക്കുമ്പോൾ മനസ്സിൽ ഒരു പിടച്ചിലുണ്ടാവാറുണ്ട്( നളിനി ജമീല, 2020, 112) എന്ന് നളിനി ജമീല അഭിപ്രായപ്പെടുന്നു. സ്ത്രീയെ ഭോഗവസ്തു മാത്രമായി കാണുന്ന പുരുഷമാതൃകകൾക്ക് വിപരീതമായ കാഴ്ചപ്പാടാണ് ഡോക്ടർ ജോസിൽ കാണാൻ സാധിക്കുന്നത്.

ലൈംഗിക തൊഴിലാളിയെ വെറും ശരീരം മാത്രമായി കാണുന്ന പുരുഷന്മാരെ കുറിച്ചുള്ള അനുഭവങ്ങളും നളിനിയുടെ രചനകളിൽ കാണാം. തന്റെ ജീവിതത്തിലെ ഏറ്റവും വേദനാജനകമായ അനുഭവത്തെ എന്റെ ആണുങ്ങൾ എന്ന പുസ്തകത്തിൽ നളിനി അവതരിപ്പിക്കുന്നുണ്ട്. "നിവർത്തികേടുകൊണ്ടായിരുന്നില്ല ഞാൻ ലൈംഗിക തൊഴിലാളിയായത്. പക്ഷേ, ലൈംഗിക തൊഴിലാളിയാണെന്ന് പുറത്തറിഞ്ഞത് ഞാൻ തീരുമാനിച്ചിട്ടായിരുന്നില്ല. ചതിയിലൂടെയാണ്. പുരുഷന് എത്രമാത്രം സൗന്ദര്യവും സൗമ്യതയും ആവാമെന്നും അതേസമയം തന്നെ അങ്ങേയറ്റം ക്രൂരത കാട്ടാമെന്നും ആദ്യത്തെ ക്ലയന്റിൽ നിന്ന് തന്നെ ഞാൻ അനുഭവിച്ചറിഞ്ഞു (നളിനി ജമീല, 2018, 126). ഏതൊരു

പുരുഷനിലും ആക്രമണോത്സുകനായ ഒരാൾ ഒളിച്ചിരിപ്പുണ്ടെന്നും ലൈംഗിക സമത്വത്തിൽ വിശ്വസിക്കുന്ന പുരുഷൻ പോലും അപകടകാരിയായ ആക്രമിയായി മാറുമെന്നുമുള്ള ഡൊണാൾഡ്സണ്ണിന്റെ അഭിപ്രായത്തോട് ചേർന്ന് നിൽക്കുന്ന ആൺ മാതൃകയാണ് ഇവിടെ കാണാൻ സാധിക്കുന്നത്. സ്നേഹവും ദ്രോഹവും ഒരേസമയം പങ്കുവയ്ക്കുന്ന ആളാണ് ഷാഹുൽ ഹമീദ്. ഇദ്ദേഹവുമായി 12 വർഷത്തെ ദാമ്പത്യജീവിതമാണ് നളിനി പങ്കിട്ടത്. ഒരു ലൈംഗിക തൊഴിലാളിയെ സ്വന്തം ഭാര്യയായി സ്വീകരിക്കാൻ ഷാഹുൽ ഹമീദ് കാട്ടിയ മനസ്സ് അഭിനന്ദനം അർഹിക്കുന്നതാണ്. നളിനിയുടെ മുൻ ഭർത്താവായ കോയക്കയുടെ മകളെ സ്വന്തം കുട്ടിയെ പോലെ പരിപാലിക്കാനും അയാൾ തയ്യാറായി. ഇപ്രകാരം നിസ്വാർത്ഥതയുടെ, സ്നേഹത്തിന്റെ പ്രതിരൂപമായി ഷാഹുൽ ഹമീദ് തിളങ്ങി നിൽക്കുമ്പോൾ അയാളുടെ കൊടുംക്രൂരതകളിലേക്കും അക്രമങ്ങളിലേക്കും നളിനി വിരൽചൂണ്ടുന്നു. " ഒരുവശത്ത് സ്നേഹമുള്ള ആളാണ് അയാൾ. എന്നാലോ ഏറ്റവും മാനസികമായി ദ്രോഹിച്ചതും അയാൾ തന്നെയായിരുന്നു" (നളിനി ജമീല, 2020, 37). പുതിയ ബന്ധം ലഭിച്ചപ്പോൾ ഉപേക്ഷിച്ച് പോയതിന്റെയും മാനസികമായി ചൂഷണം ചെയ്തതിന്റെയും നിരവധിയായ അനുഭവങ്ങൾ നളിനിയുടെ രചനകളിൽ കാണാം.

പൊതുമധ്യത്തിൽ മാന്യനായി നടക്കുകയും അവസരം ലഭിക്കുമ്പോൾ മുതലെടുപ്പ് നടത്തുകയും ചെയ്യുന്ന നിരവധിയായ ആണുങ്ങൾ നമ്മുടെ സമൂഹത്തിലുണ്ട്. അത്തരത്തിൽ ഒരാളാണ് നളിനിയുടെ ജീവിതത്തിലൂടെ കടന്നുപോയ രാജൻ. അയാൾക്ക് ലൈംഗിക തൊഴിലാളികളോട് അങ്ങേയറ്റത്തെ അപമതിപ്പാണ്. "അയാളാ കടേന്ന് വിളിച്ചുപറഞ്ഞു ഒരുമാതിരി, പുച്ഛത്തോടെ, ' അവറ്റോളേ!' ആ തൃശ്ശൂരുന്ന് വന്നോരൊക്കെ, ആ അവറ്റോളൊക്കെങ്ങനെത്തന്നെ, അവറ്റോളെക്കെന്താ? "( നളിനി ജമീല, 2020, 33) എന്നിങ്ങനെ തന്നെ പരിഹസിച്ച രാജൻ അയാളുടെ ലൈംഗിക ആവശ്യത്തിനായി തന്നെ സമീപിച്ച അനുഭവം നളിനി ഓർത്തെടുക്കുന്നുണ്ട്. " എടോ അന്നാദ്യം ബസ്സെറങ്ങി ഇതിലെ പോയില്ലേ, അപ്പം എന്റെ മനസ്സില് ഒരു കത്തല് കത്തിതാ!. ( നളിനി ജമീല, 2020, 35) എന്ന് രാജൻ തന്റെ ആഗ്രഹത്തെ നളിനിക്കു മുന്നിൽ തുറന്നു സമ്മതിക്കുന്നുണ്ട്. പൊതു

ഇടങ്ങളിൽ മാന്യനായി നടക്കാൻ ആഗ്രഹിക്കുകയും താങ്കളുടെ ലൈംഗിക തൃഷ്ണ ശമിപ്പിക്കാൻ ഉള്ള ഉപകരണമായി ലൈംഗിക തൊഴിലാളികളെ കാണുകയും ചെയ്യുന്ന പുരുഷകേന്ദ്രീകൃത സമൂഹത്തിന്റെ പൊതുബോധമാണ് രാജനിലൂടെ പ്രതിഫലിക്കുന്നത്. ഒരു ലൈംഗിക തൊഴിലാളിയുടെ മുന്നിൽ പോലും അവളുടെ ശരീരത്തോടുള്ള ആഗ്രഹം തുറന്നു പറയാൻ പര്യാപ്തമായ ഭാഷ കൈവശമില്ലാത്ത കഥാപാത്രങ്ങളെയും എന്റെ ആണുങ്ങൾ എന്ന രചനയിൽ കണ്ടെത്താം. 'ബാലേട്ടാ അടുത്ത പരിപാടി എന്താ?' എന്ന നളിനിയുടെ ചോദ്യത്തിന് 'എനിക്ക് ഒന്നു വേണം' എന്നാണ് ബാലേട്ടൻ മറുപടി നൽകുന്നത്. 'എന്ത്?' എന്ന് നളിനിയുടെ മറു ചോദ്യത്തിനും 'അല്ല. ഒന്നു വേണം ' എന്നുമാത്രമെ ബാലേട്ടന് മറുപടി നൽകാൻ സാധിക്കുന്നുള്ളൂ. ഇയാൾക്ക് എന്താ ഭാഷയില്ലേ എന്ന് ബാലേട്ടനോട് ചോദിക്കുന്നുണ്ട് നളിനി. തുടർന്നുള്ള നളിനിയുടെ മറുപടി ഇപ്രകാരമാണ്. " ബാലേട്ടാ, ഞങ്ങളൊക്കെ ടൗണിനില്ലുമ്പം കാശാണ് ആദ്യം വാങ്ങിക്കുക. നിങ്ങള് കാശ്താ. അത് കഴിയുമ്പം നമുക്ക് തൊടങ്ങാം. എനിക്ക് കാശ് കണ്ടാലേ ബാലേട്ടാ ഇതിനൊക്കെ താല്പര്യം വരുവുള്ളൂ"( നളിനി ജമീല, 2020, 31).

സ്ത്രീ ശരീരത്തെ ലൈംഗികമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയും ഉപയോഗശേഷം അവളെ തള്ളിപ്പറയുകയും ചെയ്യുന്ന മലയാളി പുരുഷന്റെ നിലപാടുകളെ നളിനി ജമീല വിമർശന വിധേയമാക്കുന്നുണ്ട്. " ഞാൻ അറിയപ്പെടുന്ന ഒരു തറവാട്ടിലെയാണ്. ഇവിടെ പ്രധാനപ്പെട്ട ഒരാളാണ്. ആരാണെന്നൊന്നുമറിയേണ്ട. പക്ഷേ എന്റെ പേര് നിങ്ങളുടെ പേരിനോട് ചേർത്തു പറയുന്നത് വളരെ മോശമാണ്"( നളിനി ജമീല, 2018, 104) എന്ന വേണു നായരുടെ വാക്കുകളിൽ ആവിശ്യശേഷം വലിച്ചെറിയേണ്ട വെറും ശരീരം മാത്രമാണ് ലൈംഗിക തൊഴിലാളി എന്ന ബോധം പ്രതിഫലിക്കുന്നുണ്ട്. ഇരുട്ടിന്റെ മറവിൽ ശാരീരികമായ സംതൃപ്തി കണ്ടെത്താൻ ലൈംഗിക തൊഴിലാളിയെ ഉപയോഗിക്കുന്ന പുരുഷൻ ആൾക്കൂട്ടത്തിൽ അവളെ വേശ്യയായും അവളെ കാണുന്നത് തന്നെ പാപമായും നടിക്കുന്നു. ഇത്തരക്കാരുടെ പ്രതിനിധിയാണ് നളിനിയുടെ ആത്മകഥയിൽ പ്രത്യക്ഷപ്പെടുന്ന കരീം. " ഒരിക്കൽ ഒരു കടയിൽ പോയപ്പോൾ കരീം എന്നൊരാൾ അവിടെയിരിക്കുന്നു. എന്നെ

കണ്ടപ്പോൾ കാർക്കിച്ച് ഒരു തുപ്പൽ തുപ്പി. വേശ്യാസ്ത്രീയ കാണുന്നത് അശ്രീകരണമാണെന്ന മട്ടിൽ. . . ആ ആട്ടൽ കണ്ടപ്പോൾ ഞാൻ ചിരിച്ചു. കാരണം, എന്റെ കൂട്ടുകാരിയുടെ ക്ലയന്റ് ആണ് അയാൾ"( നളിനി ജമീല, 2018, 149) എന്ന് നളിനി സൂചിപ്പിക്കുന്നുണ്ട്. ലൈംഗിക തൊഴിലാളിയുടെ ശരീരത്തെ പരമാവധി ഉപയോഗപ്പെടുത്തുകയും പൊതുജനമധ്യത്തിൽ സദാചാരത്തിന്റെ മേനി നടിക്കുകയുമാണ് കരീമിനെപ്പോലുള്ളവർ എക്കാലത്തും ചെയ്തു പോരുന്നത്. ഔദ്യോഗിക കൃത്യനിർവഹണത്തിന് ഇടയിൽ പോലും ലൈംഗികതൊഴിലാളിയോടുള്ള സ്നേഹം പ്രകടമാക്കാൻ വെമ്പിൽ നിൽക്കുന്ന ചിലരെയും നളിനിയുടെ ആത്മകഥയിൽ കണ്ടെത്താൻ സാധിക്കും. തന്റെ കസ്റ്റമറായ പോലീസുകാരെ പറ്റിയുള്ള രസകരമായ ഒരു അനുഭവം നളിനി പങ്കുവെക്കുന്നുണ്ട്. " ഇതിലൊരു രസമുണ്ട്. അന്നത്തെ സർക്കിൾ എന്റെയൊരു ക്ലയന്റായിരുന്നു. കൂടെയുള്ള പോലീസ് ഡ്രൈവറും എന്റെ ക്ലയന്റാണ്. . . . . എന്നെ രക്ഷപ്പെടുത്താൻ രണ്ടുപേർക്കും നിർവാഹമില്ലായിരുന്നു. വേറെയും പോലീസുകാരുണ്ട്. . . കിണറ്റിൽ വീണതും വേണ്ടപ്പെട്ട ഒരാളെ പരസ്യമായി രക്ഷിക്കാൻ കഴിയാത്തതിന്റെവിമ്മിഷ്ടവും. ആ വിമ്മിഷ്ടം ഒന്നു കാണേണ്ടതു തന്നെയായിരുന്നു. ഇടയ്ക്കിടയ്ക്ക് ഞാനിരിക്കുന്ന സ്ഥലത്ത് വന്നു നോക്കും, പോവും. ഒന്നും മിണ്ടാൻ പറ്റില്ലല്ലോ". ( നളിനി ജമീല, 2018, 78). ലൈംഗിക തൊഴിലാളിയോടുള്ള പുരുഷന്റെ രണ്ട് തരത്തിലുള്ള പെരുമാറ്റമാണ് മുകളിൽ സൂചിപ്പിച്ചിരിക്കുന്നത്. അവ തമ്മിൽ അജഗജാന്തരമായ വ്യത്യാസമുണ്ട്. ലൈംഗിക തൊഴിലാളിയായി ആവശ്യശേഷം അകറ്റിനിർത്തുന്ന പുരുഷനെയും അവളെ പ്രശ്നങ്ങളിൽ നിന്ന് രക്ഷപ്പെടുത്താൻ വെമ്പി നിൽക്കുന്ന പുരുഷനെയും നമുക്ക് ഇവിടെ കാണാം.

ഒരു ലൈംഗിക തൊഴിലാളിയുടെ ജീവിതത്തിലൂടെ കടന്നു പോകുന്ന എല്ലാ പുരുഷന്മാർക്കും അവളോട് ലൈംഗികമായ ബന്ധം ഉണ്ടായിരിക്കുമെന്ന പൊതുബോധത്തെ തിരുത്തി കുറിക്കുന്ന ആൺ സുഹൃത്തുക്കളെ നളിനിയുടെ ആത്മകഥാരചനകളിൽ കാണാം. അവരിൽ പ്രധാനപ്പെട്ട ഒരാളാണ് മൈത്രേയൻ. നളിനിയുടെ ജീവിതത്തിലെ നിർണായകമായ പല ഘട്ടങ്ങളിലും ഒരു സുഹൃത്ത് രീതിയിൽ ഇടപെടാൻ മൈത്രേയൻ

തയ്യാറായതായി നളിനി സൂചിപ്പിക്കുന്നുണ്ട്. സ്വന്തം അനുജനെ പോലെ തന്റെ ജീവിതത്തിൽ ഇടപഴകിയ വ്യക്തിയായിട്ടാണ് പോൾസൺ എന്ന ചെറുപ്പക്കാരനെ നളിനീ ജമീല അവതരിപ്പിക്കുന്നത്. പോൾസൺ തന്റെ ക്ലയന്റാണെന്ന് പലരും തെറ്റിദ്ധരിച്ചിട്ടുണ്ടെങ്കിലും ഞങ്ങൾ തമ്മിൽ അത്തരത്തിലുള്ള ഒരു ബന്ധവും ഒരുകാലത്തും ഉണ്ടായിട്ടില്ലെന്ന് നളിനി തുറന്നെഴുതുന്നു. ജീവിതത്തിലെ പ്രതിസന്ധി ഘട്ടങ്ങളിൽ താങ്ങായും തണലായും പ്രത്യക്ഷപ്പെടാൻ പോൾസണിന് സാധിച്ചിട്ടുണ്ട്. ലൈംഗിക തൊഴിലാളിയുമായി ബന്ധമുള്ള പുരുഷന്മാരെല്ലാം ഒരുതവണയെങ്കിലും അവളെ ശാരീരികമായി ഉപയോഗിച്ചു കാണുമെന്ന മിഥ്യാധാരണയെ നളിനീ ജമീലയുടെ ജീവിതം തകിടം മറിക്കുന്നു.

തന്റെ ജീവിതത്തിലൂടെ കടന്നുപോയ ആയിരക്കണക്കിന് പുരുഷന്മാരിൽ നിന്നും ഓർമ്മയിൽ തങ്ങിനിൽക്കുന്ന ആണുങ്ങളെയാണ് നളിനി ജമീല തന്റെ ആത്മകഥാപരമായ കൃതികളിൽ ഓർത്തെടുക്കുന്നത്. ലൈംഗിക തൊഴിലാളിയോടുള്ള പൊതുസമൂഹത്തിന്റെ പെരുമാറ്റത്തിൽ നിന്നും ഭിന്നമായി സ്നേഹത്തോടെയും കരുണയോടെയും ഒരു സഹജീവിയായി അവളെ പരിഗണിക്കുന്ന നിരവധിയായ പുരുഷന്മാരും നളിനിയുടെ ജീവിതത്തിലൂടെ കടന്നു പോയിട്ടുണ്ട്. പിതൃഅധികാര വ്യവസ്ഥിതിയുടെ ആണത്ത രൂപങ്ങളെ ഊട്ടിയുറപ്പിക്കുന്ന പുരുഷ മാതൃകകളും അവയിൽനിന്ന് തീർത്തും വിഭിന്നമായ പുരുഷകാഴ്ചകളും നളിനി ജമീലയുടെ ഓർമ്മക്കുറിപ്പുകൾ പങ്കുവെക്കുന്നു.

## ഗ്രന്ഥസൂചി

നളിനി ജമീല, എന്റെ ആണുങ്ങൾ, ഡി സി ബുക്സ്, കോട്ടയം, 2018

നളിനി ജമീല, ഒരു ലൈംഗികത്തൊഴിലാളിയുടെ പ്രണയപുസ്തകം, ഡി സി ബുക്സ്, കോട്ടയം, 2020

നളിനി ജമീല, ഒരു ലൈംഗികത്തൊഴിലാളിയുടെ ആത്മകഥ, ഡി സി ബുക്സ്, കോട്ടയം, 2018

മ്യൂസ് മേരി ജോർജ്ജ്, ലിംഗപദവി വിശകലനങ്ങൾ വിചാരങ്ങൾ, യു സി കോളേജ് ആലുവ, 2021

രാജശ്രീ ആർ, നായികാ നിർമ്മിതി വഴിയും പൊരുളും, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2018

രഞ്ജിത് വി

ഗവേഷകൻ, മലയാളവിഭാഗം

കേരളകേന്ദ്രസർവകലാശാല, കാസറഗോഡ്